ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട്ടിൽ ഒരു ജൂനിയർ കോളേജ്

469 [509] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് കേന്ദ്രമാക്കി ഒരു ജൂനിയർ കോളേജ് അനുവദിക്കുന്നതിന് ഉത്തരവുണ്ടാകുമോ?

ഉത്തരം

പുതിയ കോളേജ് ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിലെ കോഴ്സുകൾ

470 [510] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ഇപ്പോൾ നടന്നുവരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു, അറബിക് എന്നീ കോഴ്സുകൾ നിർത്തലാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ നടപടി റദ്ദ് ചെയ്യാൻ തയ്യാറാകുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മച്ചിൽ പഞ്ചായത്തിൽ ഗവൺമെൻറ് കോളേജ്

471 [511] ശ്രീ. സി.പി. മുസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മച്ചിൽ പഞ്ചായത്തിൽ ഗവൺമെൻറ് കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് കോളേജുകൾ

472 [512] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് കോളേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വന്തമായി സ്ഥലമില്ലാത്ത ഗവൺമെൻറ് കോളേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഏതെല്ലാം ഗവൺമെൻറ് കോളേജുകൾക്കാണ് ഇപ്പോൾ കെട്ടിടം നിർമ്മിക്കുന്നത്;

(ഡി) സ്വന്തമായി സ്ഥലമില്ലാത്ത ഗവൺമെൻറ് കോളേജുകൾക്ക് സ്ഥലം അകപയർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത കോളേജുകൾ ആരംഭിച്ചത് ഏതു കാലയളവിലാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1. ഗവൺമെൻറ് കോളേജ്, നെടുമങ്ങാട്.
2. ഗവൺമെൻറ് കോളേജ്, ആറ്റിങ്ങൽ.
3. ഗവൺമെൻറ് കോളേജ്, ചവറ.
4. ഗവൺമെൻറ് കോളേജ്, തൃപ്പൂണിത്തുറ.
5. ഗവൺമെൻറ് കോളേജ്, തൃശ്ശൂർ.
6. ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ.
7. ഗവൺമെൻറ് കോളേജ്, പേരാമ്പ്ര.
8. ഗവൺമെൻറ് കോളേജ്, മൊകേരി.

(ബി) ഇല്ല.

(സി) ഇപ്പോൾ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുന്നതു താഴെ പറയുന്ന ഗവൺമെൻറ് കോളേജുകൾക്കുവേണ്ടിയാണ്;

1. ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ.
2. ഗവൺമെൻറ് കോളേജ്, പേരാമ്പ്ര.
3. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
4. വിമെൻസ് കോളേജ്, തിരുവനന്തപുരം.
5. ഗവൺമെൻറ് കോളേജ്, ചിറ്റൂർ.
6. വിക്ടോറിയാ കോളേജ്, പാലക്കാട്.
7. സംഗീതാ കോളേജ്, പാലക്കാട്.
8. തൃശ്ശൂർ ഗവൺമെൻറ് കോളേജ്.

(ഡി) സ്വന്തമായി സ്ഥലമില്ലാത്ത ഗവൺമെൻറ് കോളേജുകൾക്ക് ഇല്ല. അതുകൊണ്ട് സ്ഥലം അകപയർ ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഇ) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത കോളേജുകൾ ആരംഭിച്ച വർഷവും അവയുടെ പേരുവിവരവും താഴെ പറയുന്ന പ്രകാരമാണ്:

| | കോളേജിൻെറ പേര് | വർഷം |
|---|---|---|
| സ്ഥലമില്ലാത്തവ | 1. ഗവൺമെൻറ് കോളേജ്, ചവറ | 1981–82 |
| | 2. ഗവൺമെൻറ് കോളേജ്, മൊകേരി | 1981–82 |
| കെട്ടിടമില്ലാത്തവ | 3. ഗവ. കോളേജ് തൃശ്ശൂർ | 1972–73 |
| | 4. ഗവ. കോളേജ്, ആറ്റിങ്ങൽ | 1975–76 |
| | 5. ഗവ. കോളേജ്, തൃപ്പൂണിത്തുറ | 1982–83 |
| | 8. ഗവ. കോളേജ്, നെടുമങ്ങാട് | 1981–82 |
| | 7. ഗവ. കോളേജ്, പേരാമ്പ്ര | 1975–76 |
| | 8. ഗവ. കോളേജ്, പെരിന്തൽമണ്ണ | 1975–76 |

LIBRARY ARCHIVES Kerala Legislative Assembly